**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2080** **06-07-2022 - ൽ മറുപടിയ്ക്ക്**

**കാൻസർ കെയർ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ഇ ചന്ദ്രശേഖരൻ,<br>ശ്രീ വി ശശി,<br>ശ്രീ . മുഹമ്മദ് മുഹസിൻ,<br>ശ്രീ. സി.സി. മുകുന്ദൻ** | | **ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | ദേശീയ ശരാശരിയേക്കാൾ ഉയർന്ന കാൻസർ രോഗ നിരക്കുള്ള സംസ്ഥാനത്ത് കാൻസർ രോഗ ചികിത്സക്കായി കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ ; | (എ) | നിലവിൽ കാൻസർ രോഗചികിത്സക്കായി സർക്കാർ തലത്തിൽ മൂന്ന് അപെക്സ് കാൻസർ സെന്ററുകൾ (ആർ.സി.സി, എം.സി.സി, സി.സി.ആർ.സി) പ്രവർത്തിച്ചുവരുന്നു. കൂടാതെ അഞ്ച് സർക്കാർ മെഡിക്കൽ കോളേജുകളിൽ കാൻസർ ചികിത്സ സൗകര്യമുള്ള വിഭാഗങ്ങൾ നിലവിലുണ്ട്. കേരളാ കാൻസർ കൺട്രോൾ സ്ട്രാറ്റജി 2018- 2030 നടപ്പിൽ വരുത്തുന്നതിന്റെ ഭാഗമായി എല്ലാ ജില്ലകളിലും കാൻസർ നിർണയ, ചികിത്സ സൗകര്യങ്ങൾ ഉൾപ്പെടുത്തികൊണ്ട് ജില്ലാ അർബുദ നിയന്ത്രണ പരിപാടികൾ (DCCP) ആരംഭിച്ചിട്ടുണ്ട്.<br><br>സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രികളിൽ അർബുദ രോഗം തുടക്കത്തിൽ കണ്ടെത്തുന്നതിനുള്ള പാപ്സ്മിയർ, മാമോഗ്രാം, ബയോപ്സി, സി.റ്റി സ്കാൻ, FNAC, അൾട്രാ സൗണ്ട് സ്കാൻ തുടങ്ങിയ ടെസ്റ്റുകൾ നടത്താനുള്ള സൗകര്യം ലഭ്യമാണ്. സർക്കാർ മെഡിക്കൽ കോളേജുകളിലെ ക്യാൻസർ രോഗ ചികിത്സാ വിഭാഗമായ ഡിപ്പാർട്ട്മെൻറ് ഓഫ് റേഡിയോ തെറാപ്പിയിൽ നൂതനമായ കീമോതെറാപ്പി, ഹോർമോൺ തെറാപ്പി, ടാർജറ്റഡ് തെറാപ്പി എന്നിവ ക്യാൻസർ രോഗ വിദഗ്ധരായ ഡോക്ടർമാർ നൽകി വരുന്നു. ഇതിനു പുറമേ റേഡിയേഷൻ ചികിത്സയും മറ്റ് അനുബന്ധ ചികിത്സകളും നിലവിലുള്ള ലോകോത്തര ചികിത്സാ മാനദണ്ഡങ്ങൾ പ്രകാരം സൗജന്യമായി നൽകി വരുന്നു. ആധുനിക ചികിത്സ ഉപകരണമായ ലീനിയർ ആക്സിലേറ്റർ ഉപയോഗിച്ചുള്ള ചികിത്സയും നടത്തി വരുന്നു. |

| | | | |
|---|---|---|---|
| | | | ആർ.സി.സിയിൽ പണിയുന്ന പതിനാല് നില കെട്ടിടം രണ്ടായിരത്തി ഇരുപത്തിരണ്ട് ഡിസംബറോട് കൂടി പ്രവർത്തന സജ്ജമാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. കൂടാതെ അത്യാധുനിക ചികിത്സാരീതിയായ ല്യൂട്ടീഷ്യം തെറാപ്പി ആർ.സി.സിയിൽ ആരംഭിച്ചു കഴിഞ്ഞു. 10 കിടക്കകളുള്ള ആധുനിക സൗകര്യത്തോടുകൂടിയ അത്യാഹിത വിഭാഗവും പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. |
| (ബി) | സംസ്ഥാനത്ത് കാൻസർ രോഗികളുടെ എണ്ണം വർദ്ധിക്കുന്ന സാഹചര്യം കണക്കിലെടുത്ത് പ്രാരംഭദശയിൽ തന്നെ രോഗം കണ്ടെത്തി ചികിത്സ തേടുന്നതിനായി ജില്ലാ കാൻസർ കെയർ പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | കേരളാ കാൻസർ കൺട്രോൾ സ്ട്രാറ്റജി 2018- 2030 ന്റെ അടിസ്ഥാനത്തിൽ ജില്ലാ അർബുദ നിയന്ത്രണ പരിപാടി (DCCP) എല്ലാ ജില്ലകളിലും നടപ്പിലാക്കാൻ പദ്ധതിയുണ്ട്. തുടക്കമെന്ന നിലയിൽ കണ്ണൂർ, എറണാകുളം, തിരുവനന്തപുരം ജില്ലകളിൽ അതത് കാൻസർ സെന്ററുകളുടെ നേതൃത്വത്തിൽ ജില്ല പഞ്ചായത്ത്, ആരോഗ്യവകുപ്പ്, ജില്ല ഭരണകൂടം എന്നിവയുടെ സഹകരണത്തോടെ സംയുക്തമായി പരിപാടികൾ നടപ്പിലാക്കി വരുന്നു. ഈ വർഷാവസാനത്തോടെ DCCP കേരളം മുഴുവൻ നടപ്പിലാക്കാനാണ് പദ്ധതി. ഈ പദ്ധതിയിൽ പ്രാരംഭ കാൻസർ നിർണയത്തിന് പുറമെ കാൻസർ ചികിത്സയും പ്രതിരോധവും കൂടി ഉൾപെടുത്തിയിരിക്കുന്നു.<br><br>കാൻസർ കെയർ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി ഈ വർഷം കാൻസർ നിയന്ത്രണ പദ്ധതി (District Cancer Control Programme-DCCP) കേരളത്തിന്റെ നവ കേരള കർമ്മ പദ്ധതി 2 (NKKP-2) യിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി ആശ വർക്കേഴ്സ് ജില്ലയിലെ മുഴുവൻ വീടുകളിലേയും 30 വയസ്സിനു മുകളിലുള്ള ആളുകളെ 'ശൈലി' എന്ന ആൻഡ്രോയിഡ് ആപ്പ് വഴി സ്ക്രീനിങ്ങിനു വിധേയമാക്കുകയും അതിൽ കൂടുതൽ റിസ്ക് ഉള്ള ആളുകളെ പ്രാഥമികാരോഗ്യ കേന്ദ്രം, താലൂക്ക് ആശുപത്രികൾ, കാൻസർ സെന്റർ എന്നിവിടങ്ങളിലേക്കു മറ്റു പരിശോധനകൾക്കായി അയക്കുകയും ചെയ്യുന്നു. ഇത് വഴി കാൻസർ പ്രാരംഭ ദശയിൽ തന്നെ കണ്ടെത്തി ചികിൽസിക്കാൻ സാധിക്കും. |
| (സി) | കാൻസർ സെന്ററുകൾ, മെഡിക്കൽ കോളേജുകൾ തുടങ്ങിയ കാൻസർ ചികിത്സാ കേന്ദ്രങ്ങളുള്ള സ്ഥാപനങ്ങളിലെ സൗകര്യങ്ങളും മാനവവിഭവശേഷിയും വർദ്ധിപ്പിക്കുന്നതിനായുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (സി) | തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിൽ കാൻസർ ചികിത്സാ സൗകര്യം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി (ലീനിയർ ആക്സിലേറ്റർ ഉൾപ്പെടെ) 20 കോടിയുടെ പുതിയ ബിൽഡിംഗ്, ഒ.പി. ബിൽഡിംഗിന് സമീപം പണിതിട്ടുണ്ട്. ഈ ബിൽഡിംഗിൽ പുതിയ ചികിത്സാ സംവിധാനങ്ങളും പുതിയ സി.റ്റി സിമുലേറ്ററും സ്ഥിതി |

| | | | |
|---|---|---|---|
| | | | ചെയ്യുന്നു. ഇവിടെ പോസ്റ്റ് ഗ്രാജ്വേറ്റ് സ്റ്റുഡന്റ്സിന് ക്ലാസ് റൂം വിശാലമായ റിസർച്ച് ലാബും സജ്ജീകരിച്ചിരിക്കുന്നു. Early detection നു വേണ്ടി ആശുപത്രിയിലെ 3 സി.റ്റി സ്കാൻ മെഷീനുകളുടെയും ഒരു എം.ആർ.ഐ മെഷീനിന്റെയും സഹകരണം എപ്പോഴും ലഭിക്കുന്നു.<br><br>350 ബെഡുകൾ ഉള്ള കൊച്ചിൻ കാൻസർ റിസർച്ച് സെന്ററിന്റെ പുതിയ കെട്ടിടത്തിന്റെ നിർമ്മാണം 2023 ഡിസംബറോടു കൂടി പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു. KIIFB യുടെ ഫണ്ട് ഉപയോഗിച്ച് INKEL ആണ് നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നത്.<br><br>ജില്ലാ അർബുദ നിയന്ത്രണ പരിപാടി (DCCP) പ്രകാരം പ്രാഥമിക ആരോഗ്യ കേന്ദ്രം മുതൽ അപെക്സ് കാൻസർ സെന്ററുകൾ വരെയുള്ള സ്ഥാപനങ്ങളുടെ സൗകര്യങ്ങളും മാനവവിഭവശേഷിയും വർദ്ധിപ്പിക്കാനുള്ള നടപടികൾ നടന്ന് വരുന്നുണ്ട്. ആരോഗ്യ പ്രവർത്തകർക്കും മെഡിക്കൽ ഓഫീസർമാർക്കും സ്പെഷ്യലിറ്റി വിഭാഗങ്ങളിൽപ്പെടുന്ന ഡോക്ടർമാർക്കും അർബുദനിർണയ പരിശോധന മാർഗ്ഗങ്ങളിൽ പ്രത്യേക പരിശീലനങ്ങൾ ഈ പദ്ധതിയുടെ ഭാഗമായി ഉൾപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ